**കേരള കാർഷികസർവകലാശാല**
**ഇൻസ്ട്രക്ഷണൽ ഫാം, വെള്ളാനിക്കര**
ഫോൺ : **+91-487-2961457,** ഇ-മെയിൽ : **ifvka@kau.in**

## ക്വട്ടേഷൻ നോട്ടീസ്

നം. **COAVKA/8253/2024-IF-A1** തീയതി. വെള്ളാനിക്കര, **20-11-2024**

ഇൻസ്ട്രക്ഷണൽ ഫാമിലെ 77 പ്ലാവുകളിൽ നിന്നും വിളവെടുക്കുന്നതിനുള്ള അവകാശം **30.11.2024**-ന് രാവിലെ 11 മണിക്ക് ക്വട്ടേഷൻ/ലേലംവഴി നൽകാൻ തീരുമാനിച്ചിരിക്കുന്നു. താൽപര്യമുള്ളവരിൽ നിന്നും മത്സരാടിസ്ഥാനത്തിൽ താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി മുദ്രവെച്ച കവറിൽ ക്വട്ടേഷൻ ക്ഷണിച്ചു കൊള്ളുന്നു.

| ക്രമ നം. | വിളകൾ | എണ്ണം | നിരതദ്രവ്യം | വിളവെടുപ്പ് നടത്തേണ്ട കാലാവധി |
|---|---|---|---|---|
| 1. | പ്ലാവ് | 77 | Rs. 3,500/- | ക്വട്ടേഷൻ/ലേലം അംഗീകരിച്ച തിയ്യതി മുതൽ 31.08.2025വരെ |

**നിബന്ധനകൾ**

1. ക്വട്ടേഷൻ/ലേലത്തിൽ പങ്കെടുക്കുന്നവർ അംഗീകൃത തിരിച്ചറിയൽ കാർഡും പാൻ കാർഡും കൊണ്ടു വരേണ്ടതാണ്.
2. ക്വട്ടേഷനുകൾ നൽകേണ്ടത് പ്രൊഫസർ & ഹെഡ്, ഇൻസ്ട്രക്ഷണൽ ഫാം, വെള്ളാനിക്കര എന്ന പേരിൽ ആയിരിക്കേണ്ടതും ആയത് നിരതദ്രവ്യമടക്കം 30.11.2024 രാവിലെ 11 മണിക്ക് മുമ്പായി ഓഫീസിൽ ലഭിക്കേണ്ടതുമാണ്. നിശ്ചിത തിയ്യതിക്കും സമയത്തിനും ശേഷം ലഭിക്കുന്ന ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല.
3. ക്വട്ടേഷൻ നിരക്ക് വളരെ വ്യക്തമായി വെള്ളക്കടലാസിൽ അക്ഷരത്തിലും, അക്കത്തിലും എഴുതിയിരിക്കണം.
4. ക്വട്ടേഷൻ കവറിന് പുറത്ത് “വെള്ളാനിക്കര ഇൻസ്ട്രക്ഷണൽ ഫാമിലെ പ്ലാവുകളിൽ നിന്നും വിളവെടുക്കുന്നതിന് അവകാശം ലഭിക്കുന്നതി.നുള്ള ക്വട്ടേഷൻ” എന്ന് വ്യക്തമായി എഴുതിയിരിക്കണം.
5. ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേല ദിവസം രാവിലെ 11 മണിക്ക് മുമ്പായി നിരതദ്രവ്യം അടച്ചിരിക്കേണ്ടതാണ്. നിരതദ്രവ്യം നിശ്ചിത സമയത്തിന് മുമ്പ് കെട്ടിവെച്ച വരെ മാത്രമേ ലേലം/ക്വട്ടേഷനിൽ പങ്കെടുക്കുവാൻ അനുവദിക്കുകയുള്ളൂ. നിരതദ്രവ്യം പണം/ഡിമാൻഡ് ഡ്രാഫ്റ്റ് മുഖേന ഫാം ഓഫീസിൽ അടക്കേണ്ടതാണ്.
6. ക്വട്ടേഷൻ സമർപ്പിച്ചിരിക്കുന്നവർക്കും താല്പര്യമുണ്ടെങ്കിൽ പരസ്യലേലത്തിൽ പങ്കെടുക്കാ വുന്നതാണ്.

7. 30.11.2024 നു രാവിലെ **11** മണിക്ക് പരസ്യലേലം നടത്തുന്നതും തുടർന്ന് ക്വട്ടേഷനുകൾ തുറക്കുന്നതും ആയതിൽ ഏറ്റവും കൂടുതൽ തുക വിളിച്ച/രേഖപ്പെടുത്തിയ ആളിന്റെ പേരിൽ, ഫാം മേധാവിക്ക് യുക്തമെന്നു തോന്നുന്ന പക്ഷം ലേലം/ക്വട്ടേഷൻ താൽക്കാലികമായി സ്ഥിരപ്പെടുത്തുന്നതുമായിരിക്കും.
8. ലേലം/ക്വട്ടേഷൻ താൽക്കാലികമായി ഉറപ്പിച്ച് കഴിഞ്ഞാൽ ഒന്നും, രണ്ടും സ്ഥാനക്കാരുടെ നിരതദ്രവ്യം പിടിച്ച് വെക്കുകയും ഒന്നാം സ്ഥാനക്കാരന്റെ ലേലം അംഗീകരിച്ച ശേഷം രണ്ടാം സ്ഥാനക്കാരന്റെ നിരതദ്രവ്യം തിരിച്ച് നൽകുന്നതുമാണ്.
9. ഇപ്രകാരം ക്വട്ടേഷൻ/ലേലം ഉറപ്പിച്ചു കിട്ടുന്നയാൾ അപ്പോൾ തന്നെ ക്വട്ടേഷൻ/ലേല തുകയുടെ മൂന്നിൽ ഒരു ഭാഗം അടക്കേണ്ടതാണ്. ബാക്കി മുഴുവൻ തുകയും അഞ്ചു പ്രവൃത്തി ദിവസത്തിനകം അടച്ച് രസീത് വാങ്ങേണ്ടതാണ്. വീഴ്ച വരുത്തുന്ന പക്ഷം അയാളുടെ പേരിലുള്ള ക്വട്ടേഷൻ/ലേലം റദ്ദ് ചെയ്യുന്നതും, നിരതദ്രവ്യം കാർഷിക സർവകലാശാല യുടെ അക്കൗണ്ടിലേക്ക് മുതൽ കൂട്ടുന്നതായിരിക്കും.
10. മുഴുവൻ ലേല തുകയും ഓഫീസിൽ അടച്ചതിനുശേഷം രസീത് ഹാജരാക്കിയാൽ മാത്രമേ വിളവെടുപ്പ് നടത്താൻ അനുവദിക്കുകയുള്ളൂ.
11. ലേലം ഉറപ്പിച്ച് കിട്ടുന്ന വ്യക്തിയുടെ നിരതദ്രവ്യമായ **3,500/-** രൂപ, ചക്കയുടെ വിളവെടുപ്പ് കാലാവധി കഴിഞ്ഞതിനുശേഷം **(31.08.2025-**നു ശേഷം**)**, ഫാം സൂപ്രണ്ടിന്റെ സാക്ഷ്യപ്പെടുത്തലിനുശേഷം, തിരികെ നൽകുന്നതായിരിക്കും.
12. ഫാമിലുള്ള പ്ലാവുകളിൽ **77** എണ്ണം മാത്രമാണ് വിളവെടുക്കുന്നതിനായി നൽകിയിട്ടുള്ളത്. മറ്റു പ്ലാവുകളിലെ വിളവെടുക്കുന്നതിന് ലേലം കൊണ്ടയാൾക്ക് അവകാശം ഉണ്ടായിരി ക്കുന്നതല്ല.
13. ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേലത്തിനു മുമ്പായി വിളയുടെ ഗുണനില വാരവും എണ്ണവും ഓഫീസ് സമയങ്ങളിൽ ഫാം ഉദ്യോഗസ്ഥരുടെ അനുവാദത്തോടുകൂടി നേരിൽ കണ്ട് ബോധ്യപ്പെട്ടുകൊള്ളേണ്ടതാണ്. ലേലത്തിനുശേഷം ഇതുമായി ബന്ധപ്പെട്ടുള്ള പരാതികൾ പരിഗണിക്കുന്നതല്ല.
14. ഓഫീസ് പ്രവൃത്തി ദിവസങ്ങളിൽ, പ്രവർത്തി സമയത്ത് മാത്രമേ ചക്ക വിളവെടുക്കുവാൻ അനുവദിക്കുകയുള്ളൂ. ഓരോ ദിവസവും വിളവെടുക്കുന്ന ചക്ക **4.00 PM**-ന് മുമ്പായി ഫാമിൽ നിന്നും ഔട്ട് പാസ് വാങ്ങി കൊണ്ടു പോകേണ്ടതാണ്. (ഫാമിൽ സൂക്ഷിക്കാൻ അനുവദിക്കുന്നതല്ല). ഓരോ പ്ലാവിൽ നിന്നും പറിക്കുന്ന ചക്കയുടെ വിവരങ്ങൾ ഹാർവെസ്റ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ അറിയിക്കേണ്ടതാണ്.
15. ലേലക്കാരനും വിളവെടുപ്പിന് നിയോഗിക്കുന്ന എല്ലാ തൊഴിലാളികളും ഫാമിൽ നിന്നു നൽകുന്ന പാസ്സുകൾ കൈവശം വെച്ചിരിക്കേണ്ടതും, അധികാരപ്പെട്ടവർ പരിശോധനയ്ക്ക് ആവശ്യപ്പെടുമ്പോൾ കാണിക്കേണ്ടതുമാണ്. വിളവെടുപ്പിന് നിയോഗിക്കുന്ന തൊഴിലാളി കളുടെ എണ്ണം ഫാം സൂപ്രണ്ടിന്റെ നിർദ്ദേശമനുസരിച്ച് ക്രമീകരിക്കേണ്ടതാണ്.
16. നഴ്സറി ആവശ്യത്തിനായി മേൽ വിളകളിൽ നിന്നും ഗ്രാഫ് റ്റിംങ്/ലെയറിങ് ചെയ്യുന്നതിന് കമ്പുകളെടുക്കുവാൻ ഫാമിന് അവകാശമുണ്ടായിരിക്കും.
17. വിളവെടുപ്പ് നടത്തുമ്പോൾ ഫാമിൽ ഏതെങ്കിലും രീതിയിൽ നാശനഷ്ടമുണ്ടാക്കുന്നപക്ഷം ഫാമിൽ നിന്നും നിശ്ചയിക്കുന്ന നഷ്ടപരിഹാരം നൽകേണ്ടതാണ്. ലേല നിബന്ധനകളിൽ ഏതെങ്കിലും വീഴ്ച വരുത്തിയാൽ, മറ്റൊരു അറിയിപ്പ് കൂടാതെ ലേലം റദ്ദാകുന്നതിനും, ലേലം കൊണ്ട വ്യക്തി അടച്ച മുഴുവൻ തുകയും (നിരതദ്രവ്യം ഉൾപ്പെടെ) യൂണിവേഴ്സിറ്റിയിലേക്ക് മുതൽ കൂട്ടുന്നതിനും,

നഷ്ടപരിഹാരം ഈടാക്കുന്നതിനും നിയമ നടപടി സ്വീകരിക്കുന്നതിനും പ്രൊഫസർ & ഹെഡിന് അധികാരമുണ്ടായിരിക്കും.

18. സർക്കാർ/യൂണിവേഴ്സിറ്റി ക്വട്ടേഷൻ/ലേലം നിബന്ധനകൾ എല്ലാം തന്നെ ഈ ക്വട്ടേഷൻ/ ലേലത്തിനും ബാധകമായിരിക്കും.
19. ആവശ്യമെന്നുകണ്ടാൽ യാതൊരു മുന്നറിയിപ്പും കൂടാതെ ക്വട്ടേഷൻ/ലേലം അസ്ഥിര പ്പെടുത്താനോ മാറ്റി വയ്ക്കുന്നതിനോ പ്രൊഫസർ & ഹെഡിന് അധികാരമുണ്ടായിരിക്കും. മാത്രമല്ല ക്വട്ടേഷൻ/ലേലം നിബന്ധനകൾ/വ്യവസ്ഥകൾ മാറ്റം വരുത്താനും പ്രൊഫസർ & ഹെഡിന് അധികാരമുണ്ടായിരിക്കും.
20. ക്വട്ടേഷൻ/ലേലം കൊണ്ട വ്യക്തി മേൽപ്പറഞ്ഞ ക്വട്ടേഷൻ/ലേലം നിബന്ധനകൾ അടങ്ങിയ ഉടമ്പടി **Rs. 200/-** രൂപ മുദ്രപത്രത്തിൽ എഴുതി സാക്ഷികൾ സഹിതം ഒപ്പിട്ട് ആദ്യ വിളവെടുപ്പിന് മുമ്പായി നൽകേണ്ടതാണ്.

കൂടുതൽ വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ **(10 AM** മുതൽ **4.30 PM** വരെ) നേരിട്ടോ, **0487-2961457** എന്ന നമ്പറിലോ ബന്ധപ്പെടാവുന്നതാണ്.

Signed by
Anitha S
Date: 21-11-2024 12:15:07

**Anitha S**
**പ്രൊഫസർ ആൻഡ് ഹെഡ്**

സ്വീകർത്താവ് :- കെ.എ.യു. വെബ് സൈറ്റ്/ നോട്ടീസ് ബോർഡ് (ഓഫീസ്/ഫാം), എ.ആർ.എസ്. മണ്ണുത്തി/ ആറ്റിക്, മണ്ണുത്തി/ സെൻട്രൽ നഴ്സറി, വെള്ളാനിക്കര/ കോളേജ് ഓഫ് അഗ്രികൾച്ചർ, വെള്ളാനിക്കര/ പഞ്ചായത്ത് ഓഫീസ്, മാടക്കത്തറ/ ബ്ലോക്ക് ഓഫീസ്, ഒല്ലൂക്കര, ഫെയ്സ് ബുക്ക് പേജ്, ഐ.എഫ്.വെള്ളാനിക്കര)

പകർപ്പ്

ഷൈജു ഡി. ഒല്ലേക്കാട്ട്, ഫാം സൂപ്രണ്ട്, കെ.എ.യു. വെബ് സൈറ്റ്, സ്റ്റോക്ക് ഫയൽ.